ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. DTETVM/3902/2025-C1 (ACA) തീയതി: 06-05-2025

**<u>പരിപത്രം</u>**

വിഷയം:- സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - 2025-2026 അധ്യയന വർഷം - എട്ടാം ക്ലാസ്സ് പ്രവേശനം - സീറ്റ്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 2025-2026 അധ്യയന വർഷത്തെ എട്ടാം ക്ലാസ്സ് പ്രവേശനത്തിനുള്ള സീറ്റ്കൂട്ടുന്നതിന് അനുമതി ആവശ്യപ്പെട്ടുള്ള ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട്മാരുടെ അപേക്ഷകൾ.

സൂചന പ്രകാരം 2025-2026 അധ്യയന വർഷത്തെ ടെക്നിക്കൽ ഹൈസ്കൂൾ എട്ടാം ക്ലാസ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് പ്രോസ്പെക്റ്റസ് 1.2 ക്ലോസിൽ "വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം, ഓരോ ഡിവിഷനിലെ വിദ്യാർഥികളുടെ എണ്ണം പരമാവധി 45 ആയി പരിമിതപ്പെടുത്തിയിരിക്കുന്നു. എന്നിരുന്നാലും പ്രവേശനത്തിന് പരിമിതപ്പെടുത്തിയിട്ടുള്ള സീറ്റുകളുടെ എണ്ണത്തെക്കാളും ഉയർന്ന ആവശ്യകത ഉണ്ടാവുകയാണെങ്കിൽ പ്രസ്തുത സ്കൂളിൻ്റെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയ്ക്കനുസരിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിയോടെ പരമാവധി സീറ്റുകളുടെ 10% വരെ ഓരോ ഡിവിഷനിലും അധികമായി അനുവദിക്കാവുന്നതാണ്" ആയതിനാൽ പ്രോസ്പെക്റ്റസ് പ്രകാരം ഓരോ ബാച്ചിലും 10% സീറ്റ് വർദ്ധിപ്പിച്ച് നൽകാവുന്നതാണ് എന്ന് എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട്മാരെയും അറിയിക്കുന്നു.

SHALIJ P R
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട്മാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shalij P R
Date: 06-05-2025 05:20:37